**പതിമൂന്നാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 656** — **31.10..2011-ൽ മറുപടിക്ക്.**

**മൊബൈൽ തീയേറ്ററുകൾ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. വി.റ്റി. ബൽറാം<br>ശ്രീ. ഐ.സി. ബാലകൃഷ്ണൻ. | | **ശ്രീ. കെ. ബി. ഗണേഷ് കുമാർ**<br>**(ബഹു:** വനവും സ്പോർട്സും സിനിമയും **വകുപ്പ് മന്ത്രി)** | |
| (എ) | സിനിമയെ ഗ്രാമങ്ങളിൽ എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) | ടൂറിംഗ് ടാക്കീസ് വഴി സിനിമയെ ഗ്രാമങ്ങളിൽ എത്തിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്. |
| (ബി) | ഇതിനായി മൊബൈൽ തീയേറ്ററുകൾ തുടങ്ങുവാൻ ആലോചന ഉണ്ടോ; | (ബി) | ഉണ്ട് |
| (സി) | എങ്കിൽ ഇതിന്റെ പ്രവർത്തനരീതി വിശദീകരിക്കുമോ; | (സി) | നഗര-ഗ്രാമ പ്രദേശങ്ങളിലെ സാംസ്കാരിക പ്രവർത്തകരുടെ ആവശ്യമനുസരിച്ച് അതതു സ്ഥലത്ത് നല്ല സിനിമകൾ പ്രദർശിപ്പിക്കുവാൻ പറ്റുന്ന എ.സി. ബസ്സുകളിലായിരിക്കും മൊബൈൽ തീയേറ്റർ പ്രവർത്തിക്കുക. ഇതിനുള്ളിൽ നല്ല പ്രൊജക്ഷനും സൗണ്ട് സിസ്റ്റവും ഉണ്ടായിരിക്കും. പവർ അതതു പ്രദേശത്തു നിന്ന് ലഭ്യമാക്കണം. ലോക ക്ലാസിക് സിനിമകൾ ഗ്രാമ പ്രദേശത്ത് എത്തിക്കുവാൻ ഈ സംരംഭം സഹായിക്കുമെന്നു പ്രതീക്ഷിക്കുന്നു |
| (ഡി) | ഇതിനുപയോഗിക്കുന്ന വാഹനങ്ങൾ ഫിലിം ഫെസ്റ്റിവലുകൾക്കായി ഫിലിം സൊസൈറ്റികളുടെ ഉപയോഗത്തിന് നൽകുമോ; വ്യക്തമാക്കുമോ? | (ഡി) | മൊബൈൽ തീയേറ്ററുകൾ ഉപയോഗപ്പെടുത്തി സാംസ്കാരിക സംഘടനകൾക്ക്, സമാനസ്വഭാവമുള്ള സംഘടനകൾക്കും അവരുടെ പ്രദേശത്ത് ഫിലിം ഫെസ്റ്റിവലുകൾ സംഘടിപ്പിക്കാനാവും. |

സെക്ഷൻ ഓഫീസർ.